## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*67. 30.11.2018 ൽ മറുപടിയ്ക്ക്

### മദ്യനിർമ്മാണ യൂണിറ്റുകൾക്ക് അനുമതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് മാത്രം ഉപഭോഗം കുറയുകയില്ലയെന്നും മറിച്ച് ആവശ്യകത ഇല്ലാതാക്കുന്നതിലൂടെ മാത്രമേ ഉപഭോഗം കുറയുകയുള്ളൂവെന്നും മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഈ നയത്തിന് വിരുദ്ധമായി സംസ്ഥാനത്തെ ബ്രൂവറികൾക്കും കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകുവാൻ ഉണ്ടായ അടിയന്തര സാഹചര്യം വ്യക്തമാക്കുമോ; | (ബി) | സർക്കാരിന്റെ മദ്യനയത്തിന് അനുസൃതമായാണ് ബ്രൂവറികൾ, കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി നൽകുന്ന കാര്യം പരിശോധിക്കപ്പെട്ടത്. വിദേശ മദ്യചട്ടമനുസരിച്ച് നൽകുന്ന ബിയർ-വൈൻ പാർലറുകൾ ഉൾപ്പെടെയുള്ള മറ്റ് ലൈസൻസുകൾ നിയമമനുസരിച്ച് യോഗ്യതയുള്ളവർക്ക് തുടർന്നും അനുവദിക്കുന്നതാണെന്നകാര്യം മദ്യനയത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സംസ്ഥാനത്ത് വിൽപ്പന നടക്കുന്ന ബിയറിന്റെ 40 ശതമാനവും വിദേശമദ്യത്തിന്റെ 7 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇവ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത്, സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് മദ്യലഭ്യത ഉറപ്പാക്കുവാനാണ്. ആയത് വിശദമായി പരിശോധിച്ചതു പ്രകാരമാണ് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തുതന്നെ ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടത്.<br>സംസ്ഥാനത്ത് കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കുവാനും, സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുവാനും കൂടി ഉദ്ദേശിച്ചാണ് പുതിയ ബ്രൂവറികളും വിദേശ മദ്യ നിർമ്മാണ യൂണിറ്റുകളും ആരംഭിക്കുന്നതിന് അനുമതി നൽകിയത്. |
| (സി) | 2018-ൽ ബ്രൂവറികളും കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിച്ച കമ്പനികൾക്ക് ഏത് മാനദണ്ഡമനുസരിച്ചാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; | (സി) | അബ്കാരി ആക്ടിലെ സെക്ഷൻ 14(എ), 1967 ലെ ബ്രൂവറി റൂൾസ് (2), (3), 1975-ലെ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് റൂൾസ് 3(1) 4(1) എന്നിവ പ്രകാരമാണ് അനുമതി നൽകിയത്. |
| (ഡി) | നിലവിലുള്ള ഏതെങ്കിലും മദ്യനിർമ്മാണ കമ്പനിയുടെ ഉല്പാദന ശേഷി വർദ്ധിപ്പിച്ച് നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികൾക്ക് എന്നും ഉല്പാദനശേഷിയിൽ വരുത്തിയ വർദ്ധനവ് എത്രയെന്നും വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമേഖലാ സ്ഥാപനമായ തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിന് ഒരു അഡീഷണൽ ബോട്ടിലിംഗ് ലൈൻ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ